LIBRARY ARCHIVES Kerala Legislative Assembly

(ഇ) പുതുതായി ബോട്ട് മാസ്റ്റർ (ടിക്കറ്റ് കളക്ടർ) ലൈസൻസ് വിതരണം ചെയ്യുന്നതിന് ഏതെങ്കിലും സാങ്കേതിക തടസ്സം നിലവിലുണ്ടോ; വിശദമാക്കാമോ?

കേരളാ ഇൻലാന്റ് വെസ്സൽ റൂൾ 2010-ൽ ബോട്ട് മാസ്റ്റർ (ടിക്കറ്റ് കളക്ടർ) സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച് പ്രതിപാദിച്ചിട്ടില്ല. ബോട്ട് മാസ്റ്റർ (ടിക്കറ്റ് കളക്ടർ) എന്ന ലൈസൻസ് നൽകുന്നതിന് ബോട്ട് മാസ്റ്ററുടെ ഡ്യൂട്ടി, യോഗ്യത എന്നിവ നിശ്ചയിച്ച്, കെ.ഐ.വി റൂളിൽ ആവശ്യമായ ഉൾപ്പെടുത്തലുകൾ വരുത്തിയിട്ടില്ലാത്തതിനാൽ, ലൈസൻസ് നൽകുന്നതിന് തടസ്സം നേരിടുന്നുണ്ട്. ഈ ആവശ്യത്തിന് ഉൾനാടൻ ജലഗതാഗത നിയമമനുസരിച്ചുള്ള ലൈസൻസുകൾ നൽകുന്നു.

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

368(4378) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പുലിമുട്ട് നിർമ്മാണം എത്ര ശതമാനം പൂർത്തിയായി; ബാക്കി എപ്പോൾ പൂർത്തിയാകും എന്ന് അറിയിക്കാമോ?

പാറ വിനിയോഗത്തിന്റെ അടിസ്ഥാനത്തിൽ 17 ശതമാനം നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ബഹു. ഹരിത ട്രൈബ്യൂണലിന്റെ (NGT) ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നിലനിൽക്കുന്ന പാറയുടെ ലഭ്യമായ ദൗർലഭ്യം പരിഗണിച്ച് സാധ്യമായ എല്ലാ മാർഗ്ഗങ്ങളിലൂടെയും പാറ ലഭ്യമാക്കി എത്രയും വേഗം നിർമ്മാണം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് റെയിൽവേ ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ?

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ദേശീയ റെയിൽ ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനായി കൊങ്കൺ റെയിൽ കോർപ്പറേഷൻ തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് (DPR) ദക്ഷിണ മേഖല റെയിൽവേയുടെ അംഗീകാരത്തിനായി 2019 മെയ് മാസത്തിൽ സമർപ്പിച്ചിരുന്നു. ടി DPR-ന്റെ ഭാഗമായുള്ള Engineering Scale Plan ദക്ഷിണ റെയിൽവേ 2021 മെയ് മാസത്തിൽ അംഗീകരിക്കുകയുണ്ടായി. നിലവിൽ പദ്ധതിയുടെ Estimate മായി ബന്ധപ്പെട്ട സൂക്ഷ്മ പരിശോധന ദക്ഷിണ റയിൽവെ നടത്തിവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖവുമായി ബന്ധപ്പെട്ട് തദ്ദേശവാസികൾക്ക് നൽകിയിട്ടുള്ള പുനരധിവാസ പാക്കേജ് പ്രകാരമുള്ള ആനുകൂല്യങ്ങൾ വിഴിഞ്ഞം, വിഴിഞ്ഞം ഹാർബർ മേഖല, അടിമലത്തുറ എന്നിവിടങ്ങളിലുള്ള നിരവധിപേർക്ക് ഇനിയും ലഭ്യമാകാനുണ്ട് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് ആനുകൂല്യങ്ങൾ എപ്പോൾ നൽകാൻ സാധിക്കും എന്ന് അറിയിക്കാമോ?

ചിപ്പി/ലോബ്സ്റ്റർ തൊഴിലാളികൾ, കരമടി തൊഴിലാളികൾ, റിസോർട്ട് ജീവനക്കാർ എന്നിവർക്കുള്ള ജീവനോപാധി നഷ്ടപരിഹാരം വിതരണം ചെയ്യുകഴിഞ്ഞു. മോട്ടോർ ഘടിപ്പിച്ച യാനം വിഭാഗക്കാർക്ക് 2 വർഷക്കാലയളവിലേക്ക് സൗജന്യ മണ്ണെണ്ണയും വിതരണം ചെയ്തിട്ടുണ്ട്. കട്ടമര ഉടമസ്ഥരുടെ പരിശോധനാ റിപ്പോർട്ട് തയ്യാറാക്കിവരുന്നു. ആയതിന്റെ അടിസ്ഥാനത്തിലുള്ള തുടർ നടപടികളാണ് ഇപ്പോൾ നടന്നുവരുന്നത്.

കൊല്ലത്ത് നിന്ന് യാത്ര കപ്പൽ സർവ്വീസ്

369(4379) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം തുറമുഖത്തിലെ ചരക്ക് ഗതാഗത സർവ്വീസ് ഫലപ്രദമായി നടപ്പിലാക്കുന്നതിനും യാത്ര കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിനും കൊല്ലം തുറമുഖത്ത് സ്ഥിരമായ എമിഗ്രേഷൻ ക്ലിയറൻസ് സൗകര്യം ഏർപ്പെടുത്തുന്നതിന് കേന്ദ്രസർക്കാർ എന്തെല്ലാം ഉപാധികളാണ് മുന്നോട്ട് വച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ നിന്നും അനുകൂലമായ അനുമതി ലഭ്യമാക്കുന്നതിന് സംസ്ഥാന ആഭ്യന്തര വകുപ്പ് മുഖേന ആവശ്യമായ ഇടപെടൽ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) കൊല്ലം തുറമുഖത്ത് പാസഞ്ചർ ഷിപ്പ് സർവ്വീസ് ആരംഭിക്കുന്നതിനായി, തുറമുഖത്തെ ഇമിഗ്രേഷൻ സൗകര്യമുള്ള എൻട്രി & എക്സിറ്റ് പോയിന്റായി പ്രഖ്യാപിക്കുന്നതിന് കേന്ദ്ര ആഭ്യന്തര മന്ത്രാലയ ത്തിന്റെ വിജ്ഞാപനത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ ലഭ്യമാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

1) ആവശ്യമായ സ്ഥലസൗകര്യവും, അടിസ്ഥാനസൗകര്യങ്ങളും

2) ആവശ്യമായ Manpower

3) Residential Accommodation